ഭരണഭാഷ മാതൃഭാഷ

<u>വിവരാവകാശ നിയമം -2005</u>

നമ്പർ. TCPCTP-644/2019-E3.

**ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം,**
നഗര-ഗ്രാമാസൂത്രണ വകുപ്പ്,
2nd &3rd ഫ്ലോർ, സ്വരാജ് ഭവൻ, നന്തൻകോട്,
തിരുവനന്തപുരം, തീയതി.**02/04/2019**
ഫോൺ നം.0471-2721447,
ctpkeralam@gmail.com

**ടൗൺ പ്ലാനർ &**
**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ(ടെക്നിക്കൽ).**

**Sri.Bhabbymon.M.R.,**
C/o Vaidyarathnam Oushadhasala (Dealer),
Kuruppam Road, Thrissur-680001.

സർ,

വിഷയം- വിവരാവകാശ നിയമം-2005 പ്രകാരം മറുപടി-നൽകുന്നത് -സംബന്ധിച്ച്.

സൂചന- 1. സർക്കാരിന്റെ 20-03-2019-ലെ 45/ആർഡി2/19/തസ്വഭവ. നമ്പർ കത്ത്.

2. താങ്കൾ സർക്കാരിൽ 07-03-2019-ന് സമർപ്പിച്ച അപേക്ഷ.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധക്ഷണിയ്ക്കുന്നു.

വിശദീകരണങ്ങളും വ്യഖ്യാനങ്ങളും തേടുക, പരാതിയ്ക്ക് പരിഹാരം ആവശ്യപ്പെടുക തുടങ്ങിയവ വിവരാവകാശത്തിന്റെ പരിധിയിൽ വരുന്ന കാര്യമല്ല . താങ്കളുടെ ചോദ്യത്തില് പ്രധാനമായും വിശദീകരണമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. കൂടാതെ, ചോദ്യത്തിൽ അവ്യക്തതയുമുണ്ട്. എന്നിരുന്നാലും ിതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ നൽകുന്നു.

ഒരു നിശ്ചിത സോണിൽ ഉള്പ്പെടുത്തിയ ഭൂമി ആണെങ്കിലും , മറ്റു ചില ഉപയോഗങ്ങൾ കൂടി വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുവാൻ Permitted Uses/Restricted Uses എന്നുള്ള പ്രൊവിഷൻ സോണിംഗ് റെഗുലേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള അനുമതി നൽകുവാൻ അധികാരപ്പെട്ടവർ ആരെന്നും സോണിംഗ് റെഗുലേഷനിൽ വ്യക്തമാക്കിയിരിക്കും. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട സ്കീമിലെ സോണിംഗ് റെഗുലേഷൻ

പരിശോധിക്കേണ്ടതാണ്.

കൂടാതെ സർക്കാരിന്റെ 18-02-2016-ലെ 304282/ആർ.ഡി2/15/തസ്വഭവ. സർക്കുലർ പ്രകാരം അംഗീകൃത സ്കീമിലെ വ്യവസ്ഥകളിൽ നിന്ന് dispense/modify ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുണ്ട്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മാണം നടത്തിയ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള (മുനിസിപ്പൽ ഏരിയായ്ക്ക്) 15-02-2018 ലെ ജി.ഒ.(പി)നം.11/2018/തസ്വഭവ., (പഞ്ചായത്ത് ഏരിയായ്ക്ക്) 15-02-2018-ലെ ജി.ഒ.(പി)നം.12/2018/തസ്വഭവ. യിലെ ഉത്തരവിലെ ചട്ടം 6(4)(ii) പ്രകാരം ടൗൺ പ്ലാനിംഗ് സ്കീമിലെ പ്രൊവിഷൻസ് പാലിക്കുന്ന നിർമ്മാണങ്ങൾ മാത്രമേ ക്രമവൽക്കരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് പ്രതിപാദിച്ചിട്ടുണ്ട് എന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഷീബറാണി.വൈ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ(ടെക്നിക്കൽ) &
ടൗൺ പ്ലാനർ,

അപ്പീൽ അധികാരി: ഗിരിജ. കെ.എസ്., ചീഫ് ടൗൺ പ്ലാനർ,
അപ്പീൽ കാലാവധി: 30 ദിവസം.

DESPATCHED
Date 03/04/19